**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 56** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഐ.ടി. മേഖലയിൽ എത്ര പാർക്കുകളും എത്ര തൊഴിലവസരങ്ങളും പുതുതായി സൃഷ്ടിക്കുവാൻ സാധിച്ചു എന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ടെക്നോപാർക്കിലും, കൊച്ചി ഇൻഫോപാർക്കിലും കോഴിക്കോട് സൈബർപാർക്കിലുമായി ആകെ 18,836 തൊഴിലവസരങ്ങളാണ് പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | ഐ.ടി. മേഖലയിൽ കൂടുതൽ പാർക്കുകളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | ദേശീയ പാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 5 ജി സാങ്കേതിക വിദ്യയിലധിഷ്ഠിതമായി 20 ചെറുകിട ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിലെ മൂന്നു സർക്കാർ ഐ.ടി പാർക്കുകളിൽ നിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് 5000 മുതൽ 50000 വരെ ച. അടി വിസ്തൃതിയിൽ ഐ.ടി സ്പെയിസുകൾ വർക്ക് നിയർ ഹോം മാതൃകയിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസിൽ ജോലി, പാർപ്പിട സൗകര്യങ്ങൾ, ഷോപ്പിംഗ് സൗകര്യങ്ങൾ, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സൗകര്യങ്ങളോടെ ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ 'ക്വാഡ് (Quad)'-ന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ഐ.ടി കെട്ടിടങ്ങളിൽ, ടെക്നോപാർക്ക് സ്വന്തമായി നിർമ്മിക്കുന്ന ഐ.ടി കെട്ടിടത്തിലും കോ-ഡെവലപ്പർ നിർമ്മിക്കുന്ന ഐ.ടി കെട്ടിടത്തിലും കൂടി 12,000 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. കൂടാതെ മേൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഐ.ടി ഇതര മേഖലയിൽ 3000 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. |

| | | | |
|---|---|---|---|
| | | | ഇൻഫോപാർക്ക് കൊച്ചിയിലെ സർക്കാർ ഐ.ടി മന്ദിരങ്ങളിൽ ഓഫീസ് സ്പേയിസ് പൂർണ്ണമായും കമ്പനികൾക്ക് നൽകി കഴിഞ്ഞു. നിലവിൽ 112 കമ്പനികൾ ഓഫീസ് സ്പേയിസിനായി അപേക്ഷ നൽകി ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിനായി ഇൻഫോപാർക്ക് രണ്ടാം ഘട്ടത്തിന്റെ അനുബന്ധമായി ജി.സി.ഡി.എ യുമായി സഹകരിച്ച് 300 ഏക്കറിൽ ഇൻഫോപാർക്ക് മൂന്നാം ഘട്ടം സ്ഥാപിക്കാനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ഇതിലൂടെ ഏതാണ്ട് ഒരു ലക്ഷത്തിലധികം നേരിട്ടുള്ള തൊഴിലവസരങ്ങളും ഏതാണ്ട് 12,000 കോടി രൂപയുടെ നിക്ഷേപവും ഇൻഫോപാർക്ക് ലക്ഷ്യമിടുന്നു. കൂടാതെ പാർക്കുകൾക്ക് പുറത്തുള്ള കമ്പനികളെ കേരള ഐ.ടി പാർക്ക് ഇക്കോസിസ്റ്റത്തിലേക്ക് കൊണ്ടുവരാനും അവരുടെ ബിസിനസ്സ് വളർച്ചയും അതിലൂടെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ ലക്ഷ്യമിടുന്ന അഫിലിയേഷൻ പദ്ധതിയും സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ